'ഭരണഭാഷ- മാതൃഭാഷ'

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- നഗരകാര്യം- നെടുമങ്ങാട് നഗരസഭയിൽ സീനിയർക്ലർക്ക് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ. തോമസ്.ജി - നിരീക്ഷണകാലയളവ് ദീർഘിപ്പിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേസസ്വയംഭരണ(ഇയു)വകുപ്പ്**

**സ.ഉ.(സാധാ) നം.2494/2019/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 07/11/2019

---

പരാമർശം:- 1 നഗരകാര്യജോയിന്റ് ഡയറക്ടറുടെ 19.07.2019തിയതിയിലെ ഇ7-26085/2018 നമ്പർ ഉത്തരവ്.

2 നഗരകാര്യ ഡയറക്ടറുടെ 19.07.2019തിയതിയിലെ ഇ7-26085/2018 നമ്പർ കത്ത്.

**ഉത്തരവ്**

കേരള മുനിസിപ്പൽ കോമൺ സർവ്വീസിൽ 12.04.1994തീയതിയിൽ എൽ.ഡി.ക് ളർക്ക്/ബിൽകളക്ടർ തസ്തികയിൽ സേവനത്തിൽ പ്രവേശിച്ച ശ്രീ. തോമസ്.ജി, ടി തസ്തികയിലെ നിരീക്ഷണകാലയളവ് 13.05.1996 തീയതിയിൽ പൂർത്തിയായിരുന്നുവെങ്കിലും നിരീക്ഷണകാലയളവ് വിജയകരമായി പൂർത്തിയാക്കിയതായി പ്രഖ്യാപിക്കുന്നതിനാവശ്യമായ എം.ഒ.പി. പരീക്ഷ വിജയിച്ചിട്ടില്ലാത്തതാണെന്നും ടിയാൾക്ക് 19.05.2014തീയതിയിൽ 50 വയസ്സ് പൂർത്തിയായിട്ടുള്ളതിനാൽ ടിയാളുടെ നിരീക്ഷണകാലയളവ് ദീർഘിപ്പിച്ച് ഉത്തരവാകുന്നതിന് നഗരകാര്യഡയറക്ടർ പരാമർശം 2 പ്രകാരം അഭ്യർത്ഥിച്ചിരുന്നു. 12.04.1994ൽ എൽ.ഡി.ക് ളർക്ക്/ബിൽ കളക്ടർ തസ്തികയിൽ സേവനത്തിൽ പ്രവേശിച്ച ടിയാളുടെ നിരീക്ഷണകാലയളവ് എൽഡിക്ലർക്ക് തസ്തികയിൽ 2 വർഷ സേവനം പൂർത്തിയാകുന്നതിനു തൊട്ടടുത്ത ദിവസം മുതൽ ഒരുവർഷത്തേക്ക് (13.05.1997വരെ) പരാമർശം 1 പ്രകാരം ദീർഘിപ്പിച്ചിട്ടുള്ളതായും നഗരകാര്യഡയറക്ടർ അറിയിക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള മുനിസിപ്പൽ കോമൺ സർവ്വീസിൽ 12.04.1994ൽ എൽ.ഡി.ക് ളർക്ക്/ബിൽകളക്ടർ തസ്തികയിൽ സേവനത്തിൽ പ്രവേശിച്ച ശ്രീ.തോമസ്.ജി, 19.05.2014തീയതിയിൽ 50 വയസ്സ്

പൂർത്തിയാക്കിയിട്ടുള്ളതിനാൽ, കെ.എസ്&എസ്.എസ്.ആർ 1958 ഭാഗം 2ചട്ടം 13 ബി 4-ാമത്തെ പ്രൊവിസോ പ്രകാരം നിർബന്ധിത വകുപ്പുതല പരീക്ഷകളിൽ (obligatory test) നിന്നും സ്ഥിരമായി ഒഴിവാക്കി, 50 വയസ്സ് പൂർത്തിയായിട്ടുള്ള 19.05.2014 പൂർവ്വാഹ്നം (FN) പ്രാബല്യത്തിൽ ടിയാൾ മറ്റ് വിധത്തിൽ യോഗ്യനാണെങ്കിൽ ടിയാളുടെ നിരീക്ഷണകാലയളവ് വിജയകരമായി പൂർത്തിയാക്കിയതായി നിയമനാധികാരിക്ക് പ്രഖ്യാപിക്കുവാൻ സാധിക്കത്തക്ക വിധം നിരീക്ഷണകാലം നിയമനാധികാരി ദീർഘിപ്പിച്ചു നൽകിയ തീയതിയുടെ തൊട്ടടുത്തദിവസമായ 14.05.1997 മുതൽ 20.05.2014വരെ കെ.എസ്&എസ്.എസ്.ആർ 1958 ഭാഗം 2ചട്ടം 21 പ്രകാരം ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
JAISY PAUL
**അണ്ടർ സെക്രട്ടറി**

പകർപ്പ്

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
ശ്രീ. തോമസ്.ജി, സീനിയർ ക്ളർക്ക്, നെടുമങ്ങാട് നഗരസഭ
(നഗരകാര്യ ഡയറക്ടർ മുഖേന)
സെക്രട്ടറി, നെടുമങ്ങാട് നഗരസഭ (നഗരകാര്യ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ